(എ) 1998-99-ൽ സർക്കാരിന്റെ ആഭിമുഖ്യത്തിൽ പൊൻമണി വർഷം ആചരിച്ചിരുന്നോ;

(ബി) പൊൻമണി വർഷം ആചരിച്ചതിന്റെ പേരിൽ നെൽകൃഷി വികസനത്തിന് എന്തെല്ലാം പുതിയ പരിപാടികൾ പ്രഖ്യാപിച്ചിരുന്നു എന്ന് വെളിപ്പെടുത്തുമോ; ഇവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(സി) പദ്ധതികൾ നടപ്പാക്കിയതിനുശേഷം നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കൂടുകയാണോ കുറയുകയാണോ ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(ഡി) നെൽകൃഷി ചെയ്യുന്ന സ്ഥലം എത്ര കണ്ട് കൂടുകയോ കുറയുകയോ ചെയ്തു എന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 1998-99 വർഷം 'പൊൻമണി വർഷ' മായി ആചരിച്ചിരുന്നു.

(ബി) ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പുനരുജ്ജീവിപ്പിച്ച് വിത്ത് മുതൽ കൊയ്ത്തു വരെയുള്ള നെൽ കൃഷി വികസന പ്രവർത്തനങ്ങൾ ഗുണകരവും ശക്തവുമായി ഏകോപിപ്പിച്ച് നെൽകൃഷിയുടെ ഉല്പാദക്ഷമത വർദ്ധിപ്പിക്കുകയുണ്ടായി ഉല്പാദനം പരമാവധി കൂട്ടുക എന്ന മുഖ്യലക്ഷ്യത്തോടെയാണ് പൊന്മണിവർഷമായി ആചരിച്ചത്. ഗ്രൂപ്പുഫാമിംഗ് പുനരുജ്ജീവിപ്പിക്കുക, ഉല്പാദനോപാധികൾ ലഭ്യമാക്കുക, അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുക, ഗുണമേന്മയുള്ള വിത്ത് ലഭ്യമാക്കുക, പൊതുഞാറ്റടി തയ്യാറാക്കുക, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ ശക്തമാക്കുക, യന്ത്രവൽക്കരണം നടപ്പിലാക്കുക, കാർഷികോപകരണങ്ങൾ നൽകുക, മെതിക്കളം, വിത്തുസ്റ്റോർ നിർമ്മാണം, ന്യായവില ഉറപ്പുവരുത്താൻ നെല്ല് സംഭരണം, സംയോജിത കീട നിയന്ത്രണം, പാഡിബോർഡ് രൂപീകരണം, വൈദ്യുതി സൗജന്യം, നെൽകൃഷി വികസന സമിതികളുടെ വികസനം, മോഡേൺ റൈസ് മില്ലുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പ്രഖ്യാപിക്കപ്പെട്ട പരിപാടികൾ.

(സി)&(ഡി) വിവരം ശേഖരിച്ചുവരുന്നു.

**18 (*228) സീഡ് അതോറിറ്റി**

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീഡ് അതോറിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ആണെന്നും ആയത് രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)

(എ) ഉണ്ട്.

(ബി) പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

LIBRARY ARCHIVES Kerala Legislative Assembly

(I) വിത്തിന്റെ ഉല്പാദനം, സംസ്ക്കരണം, സംഭരണം, വിതരണം എന്നിവയ്ക്കായി ഒരു കർമ്മപരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക;

(II) ജനിതക വിത്ത്, അടിസ്ഥാന വിത്ത്, സർട്ടിഫൈഡ് വിത്ത് തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്തുക;

(III) കർഷകർക്ക് നല്കുന്ന വിവിധയിനം വിത്തുകളുടെ സംഭരണ വില, വിതരണവില തുടങ്ങിയവ പ്രഖ്യാപിക്കുക;

(IV) ഗുണമേന്മയുള്ള വിത്തുൽപ്പാദനത്തിനായി കാലാകാലങ്ങളിൽ അവലംബിക്കേണ്ട പുതിയ മാർഗ്ഗങ്ങളും രീതികളും പ്രഖ്യാപിക്കുക;

(V) വിത്തിന്റെ കരുതൽ ശേഖരം സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

സംസ്ഥാന വിത്തു വികസന അതോറിറ്റി ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി, സൈന്റിഫിക്, ആന്റ് ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് 1955 അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**19 (*229) സ്വർണ്ണ സമ്പാദ്യ പദ്ധതി**

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രി. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സ്വർണ്ണവ്യാപാരികൾ സ്വർണ്ണ സമ്പാദ്യ പദ്ധതിയും സ്വർണ്ണ തവണ പദ്ധതിയും നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ നടത്തുന്നതിന് ആഭരണശാലകൾക്ക് എന്തെങ്കിലും നിയമപരിരക്ഷ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സ്വർണ്ണ സമ്പാദ്യപദ്ധതി, തവണ പദ്ധതി എന്നിവ നടത്തുമ്പോൾ ആഭരണശാലകൾ സർക്കാരിലേയ്ക്ക് എന്തെങ്കിലും നികുതി അടയ്ക്കേണ്ടതായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ചില ആഭരണശാലകൾ നിയമവിരുദ്ധമായി സ്വർണ്ണ ആഭരണങ്ങൾക്ക് തവണ പദ്ധതികളും സൗജന്യങ്ങളും പ്രഖ്യാപിച്ച് പൊതുജനങ്ങളെ വഞ്ചിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) അനധികൃതമായി നടത്തുന്ന സ്വർണ്ണ സാമ്പാദ്യപദ്ധതി നിരോധിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുള്ളതായി അറിവുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?



LIBRARY ARCHIVES Kerala Legislative Assembly